# തൃശൂരിൽ പാപ്പാമാരുടെ പൂരം ബോൺ നതാലെ ഇന്ന്

*ബോൺ നതാലെയോടനുബന്ധിച്ച് തൃശൂരിൽ നടന്ന വിളംബര ഘോഷയാത്ര ഡെപ്യൂട്ടി മേയർ രാജശ്രീ ഗോപൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു.*

തൃശൂർ: പൗരാവലിയും അതിരൂപതയും ചേർന്നൊരുക്കുന്ന ക്രിസ്മസ് ആഘോഷമായ ബോൺ നതാലെ ഇന്ന്. തൃശൂരിന്റെ ക്രിസ്മസ് ആഘോഷമായി അരങ്ങേറുന്ന 'ബോൺ നത്താലെ' പാപ്പാമാരുടെ മഹാസംഗമമാണ്. ഷോപ്പിങ് ഫെസ്റ്റിവലിന്റെ ഭാഗമായി പ്രകാശപൂരിതമായി നിൽക്കുന്ന സ്വരാജ് റൗണ്ട് സാന്താവേഷധാരികളും മാലാഖമാരും കയ്യടക്കും.

നഗരത്തെ ചുവപ്പും വെള്ളയും ചാർത്താൻ അതിരൂപതയിലെ എല്ലാ ഇടവകളിൽ നിന്നായി 10,000 പാപ്പാമാർ നിരത്തിലിറങ്ങും. 1000 മാലാഖമാരും ഘോഷയാത്രയിലുണ്ടാകും. മുന്നൂറോളം യുവാക്കൾ ചേർന്ന് പിടിക്കുന്ന ചലിക്കുന്ന ക്രിസ്മസ് കൂടാണ് ബോൺ നതാലെയിൽ ഇത്തവണത്തെ പ്രത്യേകത. 20 അടി നീളവും 15 അടി വീതിയും 90 അടി നീളവുമുള്ള ക്രിസ്മസ് കൂടാണ് ഘോഷയാത്രയിൽ പ്രദർശിപ്പിക്കുന്നത്.

■■■

നഗരം കീഴടക്കാൻ 10,000 പാപ്പാമാർ
1000 മാലാഖമാർ
ഉച്ചമുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണം

കേരളത്തിന്റെയും തൃശൂരിന്റെയും തനിമ വിളിച്ചോതുന്ന 12 നിശ്ചലദൃശ്യങ്ങളും ഘോഷയാത്രയ്ക്ക് അകമ്പടിയാകും. സ്കേറ്റിങ് പാപ്പാമാർക്ക് പുറമേ ബൈക്കിലും വീൽചെയറിലുമുള്ള പാപ്പാമാരുമുണ്ടാകും. വൈകീട്ട് അഞ്ചിന് സെന്റ് തോമസ് കോളെജ് മൈതാനത്ത് കേന്ദ്ര മന്ത്രി ജോൺ ബെർള ഫ്ലാഗ് ഓഫ് ചെയ്യും. മന്ത്രി കെ.രാജൻ, പി.ബാലചന്ദ്രൻ എംഎൽഎ, മേയർ എം.കെ വർഗീസ്, കലക്ടർ ഹരിതാ വി.കുമാർ, അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ചീഫ് കോ-ഓർഡിനേറ്റർ ഫാ.ജോജു മഞ്ഞില, ജനറൽ കൺവീനർ ഷിന്റോ മാത്യു, മതമേലധ്യക്ഷർ, പൗരപ്രമുഖർ, ജനപ്രതിനിധികൾ തുടങ്ങിയവർ ഘോഷയാത്രയിൽ അണിനിരക്കും. സ്വരാജ് റൗണ്ട് ചുറ്റി രാത്രി ഒമ്പതിന് സെന്റ് തോമസ് കോളെജ് മൈതാനത്ത് ഘോഷയാത്ര സമാപിക്കും. ബോൺ നതാലെ ഘോഷയാത്ര നടക്കുന്നതിനാൽ ഇന്ന് ഉച്ചതിരിഞ്ഞ് രണ്ട് മുതൽ രാത്രി ഒമ്പത് വരെ നഗരത്തിൽ ഭാഗികമായി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുമെന്ന് ട്രാഫിക് പൊലീസ് അറിയിച്ചു. ഈ സമയത്ത് വാഹനങ്ങൾക്ക് നഗരത്തിലേക്ക് പ്രവേശനം ഉണ്ടായിരിക്കില്ല. സ്വരാജ് റൗണ്ടിൽ വാഹനങ്ങൾക്ക് പാർക്കിങ് അനുവദിക്കുന്നതല്ല. വാഹനങ്ങൾ സ്വരാജ് റൗണ്ടിന് പുറത്ത് കോലോത്തുംപാടം ഇൻഡോർ സ്റ്റേഡിയം, അക്വാട്ടിക് കോംപ്ലക്സിന് സമീപമുള്ള കോർപറേഷൻ പാർക്കിങ് ഗ്രൗണ്ട്, പള്ളിത്താമം ഗ്രൗണ്ട്, ശക്തൻ നഗറിലെ തിരക്കില്ലാത്ത ഭാഗങ്ങൾ എന്നിവിടങ്ങളിൽ പാർക്ക് ചെയ്യേണ്ടതാണ്.

## യൂത്ത് കോൺഗ്രസ് മാർച്ചിനിടെ സംഘർഷം

കുന്നംകുളം : എസിപിയുടെ ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ മാർച്ചിനിടെ സംഘർഷം. പൊലീസ് ജലപീരങ്കി ഉപയോഗിച്ചു. ജില്ലാ നേതാക്കൾ ഉൾപ്പെടെ 17 പേരെ പൊലീസ് കസ്റ്റഡിയിലെടുത്തു. ജില്ലാ വൈസ് പ്രസിഡന്റ് പി.കെ ശ്യാംകുമാർ, കുന്നംകുളം നിയോജക മണ്ഡലം പ്രസിഡന്റ് എ.എം നിധീഷ്, ജില്ലാ എക്സി. അംഗം വിഘ്നേശ്വര പ്രസാദ് എന്നിവരുൾപ്പെടെയാണ് 17 ഓളം പേരെയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ഇവരെ പിന്നീട് വിട്ടയച്ചു. കുന്നംകുളം വഴി മുഖ്യമന്ത്രി കടന്നു പോകുന്ന ഘട്ടങ്ങളിൽ യൂത്ത് കോൺഗ്രസ് നേതാക്കളെ കരുതൽ തടങ്കിലാക്കുന്ന പൊലീസ് നടപടിയിൽ പ്രതിഷേധിച്ചാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകർ എസിപി ടി.എസ് സിനോജിന്റെ ഓഫീസിലേക്ക് മാർച്ച് നടത്തിയത്.

സമരക്കാരെ തടയുന്നതിനായി പൊലീസ് സ്ഥാപിച്ച ബാരിക്കേഡുകൾ മറിച്ചിട്ട് തള്ളിക്കയറാൻ ശ്രമിച്ചതോടെയാണ് ജലപീരങ്കി ഉപയോഗിച്ചത്. ശക്തമായ പ്രതിഷേധം കണക്കിലെടുത്ത് കുന്നംകുളം സ്റ്റേഷൻ ഹൗസ് ഓഫീസർ യുകെ ഷാജഹാന്റെ നേതൃത്വത്തിൽ നൂറിലധികം പൊലീസ് ഉദ്യോഗസ്ഥരെ സംഭവസ്ഥലത്ത് വിന്യസിച്ചിരുന്നു.

## ചാലക്കുടി റേഞ്ചിലെ കള്ള് ഷാപ്പുകൾ അടച്ചുപൂട്ടി

ചാലക്കുടി: റേഞ്ചിലെ 4ാം ഗ്രൂപ്പ് കള്ള് ഷാപ്പുകൾ അടച്ചുപൂട്ടി. തൊഴിലാളി പ്രശ്നത്തിൽ പൊലീസിന്റേയും എക്സൈസിന്റെയും അനധികൃത ഇടപെടൽ മൂലമാണ് ഷാപ്പുകൾ അടച്ചുപൂട്ടുന്നതെന്ന് യൂണിയൻ നേതൃത്വത്തെ ലൈസൻസി അറിയിച്ചു. ചെത്ത് തൊഴിലാളികളുടെ കള്ളിന്റെ ഗുണനിലവാരം പരിശോധിക്കാൻ ഷാപ്പ് മാനേജർക്കോ, നടത്തിപ്പ്കാരനോ അധികാരം ഇല്ലെന്നാണ് ഉദ്യോഗസ്ഥൻമാർ യൂണിയനുകളെ അറിയിച്ചത്. ഷാപ്പുകൾ എത്രയും വേഗം തുറന്ന് പ്രവർത്തിക്കാൻ വേണ്ടനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് യൂണിയൻ നേതാക്കൾ എക്സൈസ് സർക്കിളിനെ കണ്ട് ആവശ്യപ്പെട്ടു. യൂണിയനുകളെ പ്രതിനിധീകരിച്ച് എ.വി ഉണ്ണികൃഷ്ണൻ , സി.എ ബാബു, പി.എൻ ഷാനവാസ്. ഇ.കെ രാധാകൃഷ്ണൻ ,എം.വി അനിലൻ , ടി.കെ രാജൻ, ഇ.വി വിജയൻ പങ്കെടുത്തു.

## കേക്കുമായി എത്തിയ പാപ്പാ രോഗികൾക്ക് കൗതുകമായി

മാള: കേക്കുമായി എത്തിയ ക്രിസ്മസ് പാപ്പയെ കണ്ട് രോഗികൾ തെല്ല് ഒന്നമ്പരന്നു. പിന്നെയത് കൗതുകമായി മാറി. മാള സർക്കാർ ആശുപത്രിയിലാണ് സംഭവം. ക്രിസ്മസിന്റെ പകലിൽ ഇവിടെയെത്തിയ പാപ്പ എല്ലാവർക്കും കേക്കുകൾ നൽകി. താനാരാണെന്ന് ഇദ്ദേഹം വ്യക്തമാക്കാതെയാണ് മടങ്ങി പോയത്. തുടർന്ന് കുഴൂർ പഞ്ചായത്തിൽ കുണ്ടൂർ അന്തേവാസ കേന്ദ്രമായ സ്നേഹാലയത്തിൽ എത്തി കേക്ക് വിതരണം നടത്തി. സ്നേഹാലയത്തിൽ പക്ഷേ മദർ മുഖം വെളിപ്പെടുത്താതെ കേക്ക് വിതരണം അനുവദിക്കുകയില്ല എന്ന് പറഞ്ഞു. തനിക്ക് മുഖം വെളിപ്പെടുത്തി ഇത് ചെയ്യേണ്ടതില്ലെന്നും, മുഖം വെളിപ്പെടുത്താതെ തന്നെ ചെയ്യണം എന്നതാണ് ആഗ്രഹം എന്ന് പറഞ്ഞെങ്കിലും മദറിന്റെ നിർബന്ധത്തിനു വഴങ്ങി പാപ്പ സ്വയം വെളിപെടുത്തി. കുണ്ടൂർ സ്വദേശി മൈത്ര മോഹനനാണ് പാപ്പയുടെ വേഷം അണിഞ്ഞ് കേക്ക് വിതരണം നടത്തിയത്. കൂലി തൊഴിലാളിയായ ഇദ്ദേഹം സ്വന്തം വരുമാനത്തിൽ നിന്നും മിച്ചം പിടിച്ച സംഖ്യ കൊണ്ടാണ് കേക്കിനുള്ള തുക കണ്ടെത്തിയത്.

## ടൂറിസ്റ്റ് ബസ് ലോറിയിലിടിച്ചു; മൂന്നുപേർക്ക് പരുക്ക്

കുന്നംകുളം : ചൂണ്ടൽ സെന്ററിൽ ടൂറിസ്റ്റ് ബസ് ലോറിയിലിടിച്ച് മൂന്ന് പേർക്ക് പരുക്ക്. പഴഞ്ഞി മണ്ടുംമ്പാൽ വിജിൻ (21) പള്ളിക്കര രാധാകൃഷ്ണൻ (51) കൊല്ലം സ്വദേശി പ്രവീൺ (27) എന്നിവർക്കാണ് പരുക്കേറ്റത്. തിങ്കളാഴ്ച്ച പുലർച്ചെ രണ്ട് മണിയോടെയാണ് അപകടമുണ്ടായത് കുന്നംകുളം ഭാഗത്ത് നിന്ന് തൃശൂരിലേക്ക് പോകുകയായിരുന്ന ടൂറിസ്റ്റ് ബസ്, ചൂണ്ടൽ സെന്ററിലെ ഡിവൈഡറിൽ കയറി നിയന്ത്രണം വിട്ടാണ് ലോറിയിലിടിച്ചത്. പഴഞ്ഞി ചമയം ഇവന്റ് ഗ്രൂപ്പിന്റേതാണ് അപകടത്തിൽപ്പെട്ട ലോറി. ജോലി കഴിഞ്ഞ് മുവാറ്റുപുഴയിൽ നിന്ന് സാധനങ്ങൾ കയറ്റി വരികയായിരുന്ന ലോറിയിൽ ബസ് ഇടിച്ചതിനെ തുടർന്ന് വാഹനത്തിലുണ്ടായിരുന്ന സാധനങ്ങൾ മുഴവൻ റോഡിൽ ചിതറി വീണ് ഉപയോഗശൂന്യമായി. കുന്നംകുളം 108 ആംബുലൻസ് പ്രവർത്തകരുടെ നേതൃത്വത്തിലാണ് പരുക്കേറ്റവരെ ആശുപത്രികളിലെത്തിച്ചത്. കുന്നംകുളം ഫയർ ഫോഴ്സ്, ഹൈവേ പൊലീസ് എന്നിവരും രക്ഷപ്രവർത്തനത്തിന് നേതൃത്വം നൽകി.

## ബൈക്കിൽ കറങ്ങി നടന്ന് മാല പൊട്ടിക്കുന്ന യുവാവ് അറസ്റ്റിൽ

*വിഷ്ണു*

തൃശൂർ: ബൈക്കിൽ കറങ്ങി നടന്ന് സ്ത്രീകളുടെ മാലപൊട്ടിക്കുന്ന യുവാവിനെ പൊലീസ് പിടികൂടി. നടത്തറ അയ്യൻകുന്ന് പുളിങ്കുഴി വീട്ടിൽ വിഷ്ണു (27)വിനെയാണ് വിയ്യൂർ പൊലീസും കമ്മീഷണറുടെ നേതൃത്വത്തിലുള്ള സംഘവും അറസ്റ്റ് ചെയ്തത്

കഴിഞ്ഞ 15ന് ഉച്ചതിരിഞ്ഞ് മൂന്നോടെ ചേറൂർ കിണർ സ്റ്റോപ്പിന് സമീപത്തെ പോക്കറ്റ് റോഡിൽ വെച്ചാണ് സംഭവം. സ്കൂളിൽ നിന്ന് കുട്ടിയുമായി വന്നിരുന്ന യുവതിയുടെ മാലയാണ് ബൈക്കിലെത്തിയ ഇയാൾ പൊട്ടിച്ചെടുത്തത്. ഇതിന് ശേഷം യുവതിയെ തള്ളിയിട്ട് ബൈക്കിൽ തന്നെ രക്ഷപ്പെട്ടു. യുവാവിനെ കുറിച്ച് യുവതി നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചാണ് ഇയാളിലേക്കെത്തിയത്. സിസിടിവിയിൽ തെളിഞ്ഞ ബൈക്കും നമ്പരും കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ വിഷ്ണു മെഡിക്കൽ റെപ്രസന്റിറ്റീവ് ആണെന്ന് തിരിച്ചറിഞ്ഞു. തുടർന്ന് നടത്തറയിലെ വീട്ടിൽ നിന്നു യുവാവിനെ കസ്റ്റഡിയിലെടുത്തു.

വീട്ടിൽ നടത്തിയ പരിശോധനയിൽ ആഭരണം വിറ്റ ഇനത്തിൽ ലഭിച്ച 1.45 ലക്ഷത്തിൽ 1.30 ലക്ഷം കണ്ടെത്തി. മാല പൊട്ടിക്കുന്ന സമയത്ത് ഉപയോഗിച്ചിരുന്ന ബൈക്കും ധരിച്ചിരുന്ന വസ്ത്രങ്ങളും ഹെൽമെറ്റും അടക്കമുള്ളവ പൊലീസ് കണ്ടെത്തി. ആഭരണം വിറ്റ സ്ഥലത്തെത്തിച്ച് ഇയാളെ തെളിവെടുത്തപ്പോൾ സ്ഥാപനത്തിലുണ്ടായിരുന്നവർ യുവാവിനെ തിരിച്ചറിഞ്ഞു. ആഭരണം ഉരുക്ക നിലയിലാക്കിയിരുന്നത് കസ്റ്റഡിയിലടുത്തു. സാമ്പത്തിക പ്രതിസന്ധിയാണ് വിഷ്ണുവിനെ മാലപൊട്ടിക്കാൻ ഇടയാക്കിയതെന്നാണ് പറയുന്നത്. എന്നാൽ ഏറെ നാളായി ആസൂത്രണം ചെയ്താണ് ഇയാൾ മാലപൊട്ടിക്കൽ ശ്രമം നടത്തിയതെന്ന് പൊലീസ് പറഞ്ഞു.

മൊബൈൽ ഫോൺ അടക്കം പരിശോധിച്ച് മറ്റ് മോഷണങ്ങളെയും ശ്രമങ്ങളെയുടക്കം അന്വേഷിക്കുമെന്ന് വിയ്യൂർ പൊലീസ് എസ്എച്ച്ഒ കെ.സി ബൈജു അറിയിച്ചു. സംഘത്തിൽ ജൂനിയർ എസ്.ഐ അനിൽകുമാർ, സീനിയർ സിപിഒമാരായ പ്രദീപ്, സുനീബ്, സജി, വിയ്യൂർ സ്റ്റേഷനിലെ സിപിഒമാരായ അനിൽകുമാർ, വിലാസ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## വൈദ്യരത്നം പോസ്റ്റ് ഡെലിവറി കെയറിന്റെ ഉദ്ഘാടനം

തൃശൂർ: ആയുർവേദ വന്ധ്യത ചികിത്സയുടെയും ഗർഭധാരണത്തിനു മുമ്പുള്ള പരിചരണത്തിന്റെയും വൈദ്യരത്നം പോസ്റ്റ് ഡെലിവറി കെയറിന്റെ ഉദ്ഘാടനം 29ന് നടക്കും.രാവിലെ ഒമ്പത് മണിക്ക് തൈക്കാട്ടുശേരിവൈദ്യരത്നം ധന്വന്തരി ഹാളിൽ സിനിമ നടിയും നർത്തകിയുമായ ആശ ശരത് ഉദ്ഘാടനം ചെയ്യും. ജില്ലാ കലക്ടർ ഹരിത വി കുമാർ മുഖ്യാതിഥിയായി പങ്കെടുക്കും. എക്സിക്യൂട്ടീവ് ഡയറക്റ്റർമാരായ ഡോ ഇ.ടി. കൃഷ്ണൻ മൂസ്, ഡോ ഇ.ടി. യദു നാരായണൻ മൂസ്, സീനിയർ ഫിസിഷൻ ഡോ രാധിക സതീശൻ, കോർപ്പറേഷൻ കൗൺസിലർ സി.പി. പോളി, ഡോ വേണുഗോപാൽ, ഡോ കെ.കെ. ലത, ടി.എൻ. നീലകണ്ഠൻ എന്നിവർ പങ്കെടുക്കും.

## വീടിന്റെ വാതിൽ തകർത്ത് മോഷണം

കൊടകര : കൊടകര പുത്തുകാവിൽ വീടിന്റെ വാതിൽ തകർത്ത് മോഷണം. മുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന 5 പവനോളം വരുന്ന സ്വർണാഭരണങ്ങൾ നഷ്ടപ്പെട്ടു. പുത്തുകാവ് തൊമ്മന ജോബിയുടെ വീട്ടിലാണ് മോഷണം. ഞായറാഴ്ച്ച രാത്രിയിലാണ് മോഷണം നടന്നതെന്ന് കരുതുന്നു. വീടിന്റെ മുൻവശത്തെ വാതിൽ തകർത്താണ് മോഷ്ടാക്കൾ അകത്തു കയറിയത്. വീട്ടിൽ ആരും ഇല്ലായിരുന്ന സമയത്തായിരുന്നു മോഷണം. വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി.

CHANGE OF NAME

I NAJEEB KARANGEL MUHAMED, RESIDING AT KARANGEL HOUSE, CHIRAMANENGAD.P.O, PANNITHADAM, THRISSUR - 680604 - KERALA , DO HEREBY CHANGE THE NAME OF MY SON "NADEEM ISMAIL "(AS IN PASSPORT NO: R 8047067) TO "NADEEM ISMAIL KARANGEL NAJEEB"WITH IMMEDATE EFFECT.

CHANGE OF NAME

I MOIDEEN KUTTY YUSUF (NAME AS IN MY PASSPORT NO : K 9630425 ) S/O MOIDEEN KUTTY , RESIDING AT KARAPPAM VEETTIL HOUSE, KOTTOL, PAZHANJI.P.O, THRISSUR - 680542 – KERALA, DO HEREBY CHANGE MY NAME "YOUSAF KARAPPAM VEETTIL "(NAME AS IN MY ID, AADHAR , etc) WITH IMMEDATE EFFECT.

## എൽഎസ്ഡി സ്റ്റാമ്പുമായി യുവാക്കൾ പിടിയിൽ

*അറസ്റ്റിലായ പ്രതികൾ*

ചാവക്കാട്: എൽഎസ്ഡി സ്റ്റാമ്പുമായി മൂന്ന് യുവാക്കളെ പൊലീസ് അറസ്റ്റ് ചെയ്തു. ചാവക്കാട് സ്വദേശികളായ ശ്രീരാഗ്, അക്ഷയ്, ജിത്തു എന്നിവരാണ് പിടിയിലായത്. പുതുവത്സര പാർട്ടിക്കായി എത്തിച്ച 25 സ്റ്റാമ്പുകൾ ഇവരിൽ നിന്ന് പൊലീസ് കണ്ടെടുത്തു. എക്സൈസ് ഉദ്യോഗസ്ഥർക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് മൂവരും പിടിയിലായത്. ഏകദേശം രണ്ട് ലക്ഷം രൂപയോളം വിലവരുന്ന മയക്കുമരുന്നാണ് പ്രതികളുടെ കൈവശം ഉണ്ടായിരുന്നതെന്ന് പൊലീസ് പറഞ്ഞു. ബെംഗ്ലൂരുവിൽ നിന്നാണ് ഇവർ സ്റ്റാമ്പ് എത്തിച്ചത്. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തിവരികയാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

## എംഡിഎംഎയും ഹാഷിഷ് ഓയിലുമായി യുവാവ് പിടിയിൽ

ചാവക്കാട്: ഒരുമനയൂരിൽ രാസ ലഹരി വസ്തുക്കളുമായി യുവാവിനെ പൊലീസ് അറസ്റ്റ് ചെയ്തു. ഒറ്റത്തെങ്ങ് പുത്തൻപുരയിൽ ബിൻഷാദ് (32) ആണ് അറസ്റ്റിലായത്. 4.30 ഗ്രാം എംഡിഎംഎയും 2.30 ഗ്രാം ഹഷീഷ് ഓയിലും ഇയാളിൽ നിന്ന് പിടികൂടി. വീട്ടിൽ ലഹരി വസ്തുക്കൾ സൂക്ഷിച്ചിട്ടുണ്ടെന്ന് പൊലീസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ലഹരി വസ്തുക്കൾ പിടികൂടിയത്.

എസ്ഐമാരായ വിജിത്ത്, ബിജു, സീനിയർ സിപിഒമാരായ സൗദാമിനി, ഹംദ്, സന്ദീപ് സിപിഒമാരായ ജയകൃഷ്ണൻ, പ്രദീപ്, നസൽ, രൺധീപ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

## സ്മരണിക പ്രകാശനവും അനുസ്മരണ സംഗമവും

മാള: റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന കാരൂർ സുലൈമാൻ മാസ്റ്റർ സ്മരണിക പ്രകാശനവും അനുസ്മരണ പ്രാർത്ഥന സംഗമവും 29ന് വൈകിട്ട് 7ന് കാരൂർ ജുമുഅ മസ്ജിദ് അങ്കണത്തിൽ നടക്കും. എസ്കെജെഎം സംസ്ഥാന പ്രസിഡന്റ് ഡോ ബഹാഉദ്ദീൻ മുഹമ്മദ് നദ് വി സംഗമത്തിന്റെ ഉദ്ഘാടനവും സ്മരണിക പ്രകാശനവും നിർവഹിക്കും. എസ് വൈഎസ് സംസ്ഥാന സെക്രട്ടറി അഡ്വ ഓണംപിള്ളി മുഹമ്മദ് ഫൈസി മുഖ്യ പ്രഭാഷണം നിർവഹിക്കും. വി. മൊയ്തീൻ കുട്ടി മുസ്ലിയാർ പ്രാരംഭ പ്രാർത്ഥന നടത്തും. മാള റെയ്ഞ്ച് പ്രസിഡന്റ് സിഎച്ച്എം ഫൈസൽ ബദരി അധ്യക്ഷനാകും. ബദറുദ്ധീൻ വലിയകത്ത് സ്മരണിക ഏറ്റ് വാങ്ങും. മാള റെയ്ഞ്ച് പ്രസിഡന്റ് സി എച്ച് ഫൈസൽ ബദരി, സെക്രട്ടറി എം എം മുഹമ്മദ് കോയ ബാഖവി, എം എം എ റെയ്ഞ്ച് സെക്രട്ടറി മുഹമ്മദ് ചാലക്കുടി എന്നിവർ, ശിഹാബുദ്ധീൻ അഹ്മദ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

J&K Bank
Serving To Empower

40/8815 , ഒന്നാം നില, എം ജി റോഡ്, കൊച്ചി. കേരളം-682035
T +91 (0) 484 2381073F +91 (0) 484 2368942E
CIN: L65110JK1938SGC000048

ജപ്തി നോട്ടീസ്

**2002ലെ സർഫേസി ആക്റ്റിലെ സെക്ഷൻ 13 (4) പ്രകാരം, 2002ലെ സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) ഇന്ററസ്റ്റ് റൂൾസിലെ റൂൾ 8 (1) ചേർത്തു വായിക്കുക**

താഴെപ്പറയുന്നതെന്തെന്നാൽ, 2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് (സർഫേസി) പ്രകാരവും, 2002ലെ സെക്യൂരിറ്റീസ് ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, ആക്റ്റിന്റെ സെക്ഷൻ 13(2), റൂൾ 3 ചേർത്തു വായിക്കുക, **ജമ്മു& കശ്മീർ ബാങ്ക് ലിമിറ്റഡിന്റെ** അംഗീകൃത ഓഫീസറായ ശ്രീ വിക്രം മൽഹോത്ര (ഇഎംപി.ഐഡി-4141, അസിസ്റ്റന്റ് ജനറൽ മാനേജർ), 19.09.2022 തിയതി വച്ച് താഴെപ്പറയുന്ന വായ്പ്പക്കാരന് അതായത് **ശ്രീ മുഹമ്മദ് കമ്രാൻ** S/o ശ്രീ അബൂബക്കർ R/o 1235(1763), മൈഹ്നാസ് മൻസിൽ, തേവര, എറണാകുളം, കേരളം- 682013, സ്ഥിരം മേൽവിലാസം- അച്ചൂസ്, കിഴിഞ്ഞമ്പ, പേരാമ്പ്ര, കോഴിക്കോട്, കേരളം- 673525 (വായ്പ്പക്കാരൻ) & **ഹസീന എൻ.**, W/o ശ്രീ മുഹമ്മദ് കമ്രാൻ, R/o അച്ചൂസ്, കിഴിഞ്ഞമ്പ, പേരാമ്പ്ര, കോഴിക്കോട്, കേരളം- 673525 (സഹവായ്പ്പക്കാരൻ) എന്നിവർക്ക് നോട്ടീസിൽ പരാമർശിച്ചിട്ടുള്ള രൂപ **17,49,100.30/- (പതിനേഴ് ലക്ഷത്തി നാൽപ്പത്തിയൊമ്പതിനായിരത്തി ഒരുന്നൂറ് രൂപ മുപ്പത് പൈസ)** & 2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് (സർഫേസി) പ്രകാരവും, 2002ലെ സെക്യൂരിറ്റീസ് ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, ആക്റ്റിന്റെ സെക്ഷൻ 13(2), റൂൾ 3 ചേർത്തു വായിക്കുക, **ജമ്മു& കശ്മീർ ബാങ്ക് ലിമിറ്റഡിന്റെ** അംഗീകൃത ഓഫീസറായ ശ്രീ വിക്രം മൽഹോത്ര (ഇഎംപി.ഐഡി-4141, അസിസ്റ്റന്റ് ജനറൽ മാനേജർ), 19.09.2022 തിയതി വച്ച് താഴെപ്പറയുന്ന വായ്പ്പക്കാരന് അതായത് **ശ്രീ മുഹമ്മദ് കമ്രാൻ** S/o ശ്രീ അബൂബക്കർ R/o 1235 (1763), മൈഹ്നാസ് മൻസിൽ, തേവര, എറണാകുളം, കേരളം- 682013 (പാർട്ണർ). **ശ്രീ മുഹമ്മദ് ഇക്ബാൽ എ.കെ.** S/o ശ്രീ അബ്ദുൾ കരീം കെ.എ. R/o 2153, ജി1, ഫ്ളാറ്റ് നമ്പർ ജി2, ജുവൽ വൈറ്റ് ഫീൽഡ്, ഹംസ കുഞ്ഞ് ലെയിൻ, എസ്ആർഎം റോഡ്, എറണാകുളം-682018 & **ശ്രീ അനീഷ് കുമാർ എം.വി.** S/o ശ്രീ ഭാസ്കരൻ R/o 2152, ജി4, ഫ്ളാറ്റ് നമ്പർ ജി5, ജുവൽ സ്പ്രിങ് ഫീൽഡ്, ഹംസ കുഞ്ഞ് ലെയിൻ, എസ്ആർഎം റോഡ്, എറണാകുളം-682018 പാർട്ണർമാരായ: **M/S മിഡിൽ ഈസ്റ്റ് എന്റർപ്രൈസസ്**, ഗ്രൗണ്ട് ഫ്ളോർ, 44/2409 ബി, വിസി സാബു ബിൽഡിങ്, ഫ്രണ്ട്സ് റോഡ്, ദേശാഭിമാനി ജംഗ്ഷൻ, കലൂർ, കേരളം-682017 എന്നിവർക്ക്, നോട്ടീസിൽ പരാമർശിച്ചിട്ടുള്ള രൂപ **8,95,670.01/- (എട്ട് ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരത്തി അറുന്നൂറ്റി എഴുപത് രൂപ ഒരു പൈസ)** 31.08.2022 മുതലുള്ള തുടർ പലിശയും മറ്റു ചെലവുകളും ചാർജുകളും സഹിതം ആകെ തുക **26,44,770.31/- (ഇരുപത്തിയാറ് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി എഴുന്നൂറ്റി എഴുപത് രൂപ മുപ്പത്തൊന്ന് പൈസ)** നോട്ടീസ് ലഭിച്ച് 60 ദിവസത്തിനകം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന വായ്പ്പക്കാരൻ കുടിശികത്തുക തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, മുകളിൽ പറഞ്ഞിരിക്കുന്ന ആക്റ്റിന്റെ സെക്ഷൻ 13(4), റൂൾ 8 ചേർത്തു വായന പ്രകാരം താഴെ പ്പെവച്ചിരിക്കുന്ന ജമ്മു & കശ്മീർ ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പ്പക്കാരന്റെ താഴെ വിവരിക്കുന്ന വസ്തുവിന്റെ കൈവശവാകാശം **2022 ഡിസംബർ 22ന്**, ഏറ്റെടുത്തതായി മുകളിൽ പറഞ്ഞിരിക്കുന്ന വായ്പ്പക്കാരനു പ്രത്യേകിച്ചും പൊതുജനങ്ങൾക്കു പൊതുവായും ഇതിനാൽ നോട്ടീസ് നൽകുന്നു.

നിശ്ചിത പ്രോപ്പർട്ടി/ആസ്തികളിന്മേൽ യാതൊരു ഇടപാടും നടത്തരുതെന്നും ഈ പ്രോപ്പർട്ടി/ആസ്തികളിന്മേൽ ഏതെങ്കിലും ഇടപാടുകൾ നടത്തിയാൽ അത് ജമ്മു & കശ്മീർ ബാങ്ക് ലിമിറ്റഡിന്റെ **26,00,077.16/- (ഇരുപത്തിയാറ് ലക്ഷത്തി എഴുപത്തിയേഴ് രൂപ പതിനാറ് പൈസ)** രൂപയുടെ ചാർജിനും 01.12.2022 മുതലുള്ള തുടർ പലിശയ്ക്കും മറ്റു ചെലവുകൾക്കും ചാർജുകൾക്കും വിധേയമാകുമെന്നും വായ്പ്പക്കാരനു പ്രത്യേകിച്ചും പൊതുജനങ്ങൾക്കു പൊതുവായും മുന്നറിയിപ്പ് നൽകുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന ആക്റ്റിന്റെ സെക്ഷൻ 13ലെ സബ് സെക്ഷൻ (8) ലേക്ക് വായ്പ്പക്കാരന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ജാമ്യവസ്തുക്കൾ തിരിച്ചെടുക്കാൻ സമയം അനുവദിച്ചിരുന്നു.

സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ:-

(മോർട്ട്ഗേജ് ഡീഡിൽ നൽകിയിരിക്കുന്ന ഷെഡ്യൂൾ പ്രകാരവും/ഏതെങ്കിലും അനുമതിപത്രത്തിലെ പുതിയ വിവരങ്ങൾ പ്രകാരവും)

കൊയിലാണ്ടി താലൂക്കിൽ പേരാമ്പ്ര വില്ലേജിൽ സർവെ നമ്പർ 64/4 (പഴയത്) റീസർവെ നമ്പർ 92/2ലെ 7.288 ആഴ്സ് സ്ഥലവും അതിനോട് ചേർന്നുള്ള വാസയോഗ്യമായ കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ, മുഹമ്മദ് കമ്രാന്റെ പേരിൽ പേരാമ്പ്ര എസ്ആർഒയിൽ സെയിൽ ഡീഡ് നമ്പർ 346/01/2019 എന്നതിൽ രജിസ്റ്റർ ചെയ്തിക്കുന്നത്. അതിർത്തി: കിഴക്ക്- സ്വകാര്യ വഴി, വടക്ക്- ജാനുവിന്റെയും മറ്റുള്ളവരുടെയും കൈവശമുള്ള വസ്തു, പടിഞ്ഞാറ്- കൈലാസന്റെ സ്ഥലം, വസ്തു ഉടമയുടെയും ജാനുവിന്റെയും ബാക്കിയുള്ള സ്ഥലം, തെക്ക്- വസ്തു ഉടമയുടെ ബാക്കിയുള്ള സ്ഥലം.

സെറ്റിൽമെന്റ് ഡീഡ് നമ്പർ 346/01/2019 പ്രകാരമുള്ള വസ്തുവിന്റെ ഷെഡ്യൂൾ:
ജില്ല: കോഴിക്കോട്, സബ് ജില്ല: പേരാമ്പ്ര, താലൂക്ക്: കൊയിലാണ്ടി, വില്ലേജ്: എരവട്ടൂർ, റീസർവെ നമ്പർ 92/2, റീസർവെ ബ്ലോക്ക് നമ്പർ: ഇല്ല, പഴയ സർവെ നമ്പർ 64/4, വിസ്തൃതി: 7.288 ആഴ്സ്, പ്രാദേശിക അധികാരം: പേരാമ്പ്ര പഞ്ചായത്ത്.

തിയതി: 22.12.2022
സ്ഥലം: കൊച്ചി
ഒപ്പ്/- അംഗീകൃത ഓഫീസർ ,ജമ്മു & കശ്മീർ ബാങ്ക് ലിമിറ്റഡ്

Muthoot Finance
GOLD AUCTION NOTICE
GSTN - 32AABCT0343B1Z7

Registered Office: 2nd Floor, Muthoot Chambers, Banerji Road, Kochi-682 018, Kerala, India. CIN:L65910KL1997PLC011300, Ph:+91 484 2396478. 2394712, Fax:+91 484 2396506.mails@muthootgroup.com, www.muthootfinance.com

മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ താഴെപ്പറയുന്ന ശാഖകളിൽ ക്രമമനുസരിച്ച് വച്ചിരിക്കുന്നതായ പണയ ഉരുപ്പടികൾ ഇതുവരെയുള്ള മൊത്തം കുടിശ്ശികയും തിരിച്ചടക്കാത്തതിനാലും തുടർച്ചയായി അയക്കുന്ന നോട്ടീസുകൾക്ക് മറുപടി ലഭിക്കാത്തതിനാലും ഈ ഉരുപ്പടികൾ അതാതു ബ്രാഞ്ചുകളിൽ വച്ചു **05.01.2023, 10.00 AM**ന് ലേലം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. എന്നാൽ തക്കതായ കാരണങ്ങളാൽ മേൽപ്പറഞ്ഞ തീയതിയിൽ ലേലം നടത്തുവാൻ സാധി ക്കാതെ വന്നാൽ ലേലം നടത്തുന്നയാൾക്ക് അത് രണ്ടാമത്തെ ലേലതീയതിക്കോ, തുടർന്നുള്ള തീയതികളിലോ, താഴെ പറയുന്ന ലേലകേന്ദ്രങ്ങളിൽ വച്ച് നടത്തുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേല തീയതിയിൽ ഇപ്രകാരം ഉണ്ടാ കുന്ന മാറ്റം ലേലകേന്ദ്രത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**2nd Auction Date : 14.01.2023, 10:00AM , Auction Centre : Muthoot Finance Ltd,8/1379 Nirmal Chamber Opposite Bharathmatha School Chanadranagar Palakkad, Kerala-678007 (Palakkad District)**

ALATHUR(0753)- MSL- 13413, WBP- 23, CHITLANCHERY - (KE)(3569)- MAL- 6105, MDL- 5, MHL- 53, MSL- 8725, 9128, TKM- 23, 37, CHITTUR - HOSPITAL JUNCTION(3833)- MSL- 10849, CHITTUR - PALAKKAD DIST(0833)- MSL- 25883, KANJIKKODE(0759)- MSL- 30669, KODUVAYOOR(0864)- MSL- 18137, 18156, TKM- 104, TKS- 69, 86, KOLLENGODE(0655)- MAL- 7044, 8172, MHL- 28, 103, 143, 173, 187, 188, MSL- 45751, 47762, 48142, 48143, 48238, 48239, 48295, 48305, TKM- 14, 63, TKS- 63, TTB- 1, 14, 16, VGL- 3, KOPPAM-(KE)(2643)- MSL- 17320, KOZHINJANPARA(1177)- MHL- 66, 100, TKS- 54, 109, 110, 114, KUZHALMANNAM - (KE)(4052)- MHL- 28, 58, MSL- 5369, TKM- 34, TKS- 55, MANNARGHAT(0644)- MSL- 19483, MEENAKSHIPURAM -(KE)(2010)- MBL- 1705, NEMMARA(0500)- MBL- 3063, OLAVAKKODE(0310)- TKS- 11, OTTAPPALAM(0401)- BVS- 1, MAL- 1791, TKS- 38, PALAKKAD - MANJAKULAM(0756)- MHL- 34, MSL- 33342, 33426, TKS- 94, PALAKKAD - OLD BUS STAND(0179)- MHL- 16, 32, MSL- 30145, 30182, 30272, 30290, 30336, 30363, VADAKKENCHERRY(PALAKKAD DIST)(0513)- MHL- 84, TKS- 38, VANDITHAVALAM-(KE)(2283)- MAL- 3450, 3451, 3472, MHL- 56, 69, MSL- 13406, 13530, SRS- 3, TKS- 107, VELANTHAVALAM(KE)(1921)- MAL- 5155, 5305, MHL- 96, MSL- 14547, 14575, TKM- 56, TKS- 24, 73,

Spurious / Low Quality Accounts details:- ALATHUR(0753)- MSL- 13670,

**2nd Auction Date : 12.01.2023, 10:00AM , Auction Centre : Muthoot Finance Ltd, Building No 548/11, Sha Complex, West Palace Road, Near North Private Bus Stand, Thrissur, Kerala-680020 (Thrissur District)**

CHALAKKUDY(0810)- MHL- 42, MSL- 16761, TKM- 62, 63, CHELAKKARA(1008)- MAL- 3402, MBL- 2605, MSL- 17329, 17410, TKM- 10, WBS- 4, CHENDRAPINNI-(KE)(2502)- MSL- 6506, 6536, 6542, TKM- 19, 25, GURUVAYUR (KE)(1882)- MSL- 4696, TKM- 23, TKS- 15, IRINJALAKUDA(0381)- MSL- 43972, 44022, TKM- 22, KUNNAMKULAM(1250)- MBL- 1090, MSL- 10277, 10351, MALA(0642)- TCB- 1, PAVARATTY(1198)- TKM- 10, 12, PAZHANJI-(KE)(2644)- MHL- 11, MSL- 8480, PAZHAYANNUR(KE)(1565)- MSL- 13828, WBP- 20, SN. PURAM-(KE)(2485)- TKM- 27, THIRUVILLWAMALA(1076)- MSL- 10632, TKS- 59, THRIPPRAYAR(0679)- MHL- 79, MSL- 14150, 14453, 14549, TRICHUR - NORTH BUS STAND(0316)- MAL- 2202, MHL- 19, 91, MML- 468, MSL- 30382, 30498, TRICHUR - WEST FORT(0096)- MDL- 13, 14, 19, MSL- 49047, TKM- 32, TRICHUR-PATTURAICKAL(1528)- MSL- 5184, 5205, 5209, 5228, TKS- 15, VADANAPALLY(0804)- MAL- 1620, MSL- 6768,

Spurious / Low Quality Accounts details:- CHAVAKKAD(0665)- MHL- 255,

**2nd Auction Date : 13.01.2023, 10:00AM , Auction Centre : Muthoot Finance Ltd,E K Lodge Building Kozhikkod Road, Malappuram, Kerala,679322 (Malappuram District)**

AREACODE-(KE)(2986)- MSL- 6703, TPL- 123, B P ANGADI (KE)(2316)- MHL- 96, MSL- 17167, 17980, 18119, TKM- 36, 82, CHANGARAMKULAM - (KE)(3133)- MBL- 1486, MSL- 12146, TKM- 10, 21, TKS- 64, EDAKKARA(0897)- SPL- 3656, KONDOTTY(0199)- MHL- 6, MSL- 31772, MANJERI(0190)- MAL- 5558, PALLIKKAL BAZAR-(KE)(3014)- MAL- 3776, 3804, MHL- 22, MSL- 9311, 9417, TKS- 36, PARAPANGADI(0229)- MSL- 63659, 63660, 63661, 63662, 63663, 63664, 63665, 63666, 63667, 63668, PERINTHALMANNA(0188)- MHL- 42, TANUR(0733)- MSL- 46991, VENGARA(0935)- TKM- 9,

Spurious / Low Quality Accounts details:- EDAVANNAPPARA - (KE)(3383)- MHL- 85, 147, SRS- 9, PERINTHALMANNA(0188)- MSL- 48555,

Note: Customers can release th e gold ornaments before the auction date 05.01.2023
Note: Bidders are requested to produce Identity Card / Pan Card No./ GST Certificate. (Incase Registered Dealers) Successful bidders should transfer the full auction amount by RTGS

Muthoot Finance Ltd,
K. V. Manoj, Advocate,T.P.M Kutty Buliding ,
Opp: K.H trade Center, Main Road Pattambi P.O,
Palakkad Dist , Kerala

Place : TRICHUR
Date : 27.12.2022

ICICI Home Finance

**കോർപ്പറേറ്റ് ഓഫീസ്:** ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

**ശാഖ ഓഫീസ്:** ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരയ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022

പ്രൊവിസോ റൂൾ 8(6) കാണുക
സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ എൻഫോഴ്സ്മെന്റ് ഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസട്രക്ഷൻ ഫ് ഫിനാൻഷ്യൽ അസറ്റ് റൂൾ 8(6) പ്രകാരമുള്ള ഇ- ലേല വിൽപ്പന.

വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ (ജാമ്യ വസ്തു) ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ തന്നെ ലേലം ചെയ്യാൻ തിരുമാനിച്ചതായും വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

| Sr. No. | വായ്പ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ | ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ | തിരിച്ചടയ്ക്കാനുള്ള തുക | റിസർവ് പ്രൈസ് / ഇഎംഡി | ഇൻസ്പെക്ഷൻ തിയതിയും സമയവും | ലേലത്തിന്റെ തിയതി, സമയം |
|---|---|---|---|---|---|---|
| (A) | (B) | (C) | (D) | (E) | (F) | (G) |
| 1. | വിദ്യ കെ വി (വായ്പ്പക്കാരൻ)<br>ഷാനു സി (സഹ വായ്പ്പക്കാരൻ )<br>ലോൺ അക്കൗണ്ട് നമ്പർ<br>LHTHR00001315749 | റീസർവേ നമ്പർ 127/14 , തൃശൂർ താലൂക്ക്, കൈപ്പറമ്പ് വില്ലേജ്, തൃശൂർ -670541 | Rs. 16,02,283/- 16th Dec, 2022 | Rs. 6,42,560/-<br>Rs. 64,256/- | 10th Jan, 2023 11:00 AM- 03:00 PM | 12th Jan, 2023 02:00 PM- 03:00 PM |

ലേല ഏജൻസി ഗ്ലോബ് ടെക്കിന്റെ **(യുആർഎൽ ലിങ്ക് https://BestAuctionDeal.com)** വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് **11 ജനുവരി 2023 വൈകിട്ട് 5 മണി** വരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർടിജിഎസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരയ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022** എന്ന വിലാസത്തിലേക്ക് **11 ജനുവരി 2023 വൈകിട്ട് 4 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. ദയവായി ശ്രദ്ധിക്കുക, ലേലം വിളിക്കുന്നവർക്ക് വെബ്സൈറ്റ് വഴി ഓഫർ സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ, ടെൻഡർ രേഖകളുടെ ഒപ്പിട്ട പകർപ്പ് **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരയ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022** എന്ന വിലാസത്തിലേക്ക് **11 ജനുവരി 2023 വൈകിട്ട് 5 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് - ലേലം തൃശൂരിൽ** മാറാവുന്ന വിധത്തിലായിരിക്കണം.

കൂടുതൽ വിശദാംശങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 7021072869** എന്ന നമ്പറിലോ ഞങ്ങളുടെ സെയിൽസ് & മാർക്കറ്റിങ് പാർട്ണർ നെക്സ്എക്സെൻ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനെയോ ബന്ധപ്പെടാവുന്നതാണ്.

താഴെ ഒപ്പിട്ടിരിക്കുന്നഅംഗീകൃത ഓഫിസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക **https://www.icicihfc.com/**

തിയതി: ഡിസംബർ 27, 2022
സ്ഥലം: തൃശൂർ
അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

Chola
Enter a better life
ചോള ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 1ാം നില, 'ഡെയർ ഹൗസ്', നമ്പർ. 2, N.S.C. ബോസ് റോഡ് ,ചെന്നൈ - 600001

ഡിമാൻഡ് നോട്ടീസ്

**2002ലെ സെക്യൂരിറ്റൈസേഷൻ, റികൺസ്ട്രക്ഷൻ ഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് ( ദി ആക്റ്റ്) ദി സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് ) റൂൾസ് 2002 (ദി റൂൾസ്)**

മുകളിൽ പറയുന്ന ആക്റ്റ് പ്രകാരം , താഴെ ഒപ്പുവച്ചിരിക്കുന്ന ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) അംഗീകൃത ഓഫിസർ മേൽപ്പടി ആക്റ്റിന്റെ സെക്ഷൻ 13(12) വകുപ്പ് റൂൾ 3 ചേർത്ത് വായിക്കുക പ്രകാരവും , പ്രസ്തുത നോട്ടീസ് ലഭിച്ച തിയതി മുതൽ 60 ദിവസത്തിനകം വായ്പ്പാത്തുക തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ട് , മേൽപ്പടി ആക്റ്റിന്റെ സെക്ഷൻ 13(2) പ്രകാരം ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു. മേൽപ്പറഞ്ഞതുമായി ബന്ധപ്പെട്ട് വീണ്ടും നോട്ടീസ് അയയ്ക്കുന്നു. വായ്പ്പക്കാരൻ ഡിമാൻഡ് നോട്ടീസ്(കളുടെ) സേവനം ഒഴിവാക്കുകയാണെന്ന് താഴെ ഒപ്പുവച്ച അംഗീകൃത ഓഫിസർക്ക് ബോധ്യമായതിനാൽ , നിയമങ്ങൾക്കനുസൃതമായി നോട്ടീസ് പ്രസിദ്ധീകരിക്കുന്നു. ഡിമാൻഡ് നോട്ടീസിന്റെ ഉള്ളടക്കങ്ങൾ താഴെ വിവരിച്ചിരിക്കുന്നു.

| Sr. No. | വായ്പ്പക്കാരന്റെ സഹ വായ്പ്പക്കാരന്റെ പേരും അഡ്രസ്സും | ലോൺ തുക | ഡിമാൻഡ് നോട്ടീസ് തിയതി തിരിച്ചടക്കാനുള്ള തുക | സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | Loan A/c. No(s). : HL05CAL000012005<br>1. കണ്ണിക്കുളങ്ങര അനാസ്<br>2. മുഹമ്മദ്കുട്ടി കണ്ണിക്കുളങ്ങര<br>ഇരുവരും താമസിക്കുന്നത്:-<br>താഴത്തുവീട്, ജുമാ മസ്ജിദ്, കോഴിക്കോട്, കേരള 673 633; മറ്റൊരു വിലാസം:- 527/4 (527/96), രാമനാട്ടുകര പട്ടായിപ്പാടം റസിഡൻസ്, കോഴിക്കോട്- 673 633, കേരള. | ₹ 16,30,000/- | 16.12.2022<br>₹ 20,29,175/-<br>(രൂപ ഇരുപതു ലക്ഷത്തി ഇരുപത്തൊമ്പതിനായിരത്തി നൂറ്റി എഴുപത്തഞ്ചു മാത്രം) 15-12-2022ന്. | സർവെ നമ്പർ 527/20, റവന്യൂ റെക്കോഡ്സ് പ്രകാരം റീ സർവെ നമ്പർ 527/4 (527/96)ൽ 2.02 ആർ അളവു വരുന്ന റസിഡൻഷ്യൽ പ്രോപ്പർട്ടി, സ്ഥിതിചെയ്യുന്നത് രാമനാട്ടുകര വില്ലേജ്, കോഴിക്കോട് താലൂക്ക്, ഫറോക്ക് സബ് ജില്ല, കോഴിക്കോട് ജില്ല, കേരള, നമ്പർ 3117/2019 സെയിൽ ഡീഡ് ഷെഡ്യൂളിൽ വിവരിച്ചിരിക്കുന്നു. * സെയിൽ ഡീഡ് പ്രകാരമുള്ള അതിർത്തികൾ: *വടക്ക് : വാഴക്കുഴി നിലം; * തെക്ക്: മറ്റുള്ളവരുടെ പ്രോപ്പർട്ടി; * കിഴക്ക്: 8 അടി വഴി & ബാക്കിയുള്ള പ്രോപ്പർട്ടി; * പടിഞ്ഞാറ്: 0.45 മീറ്റർ വീതിയുള്ള വാട്ടർ വേ. ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അതിർത്തികൾ: *വടക്ക്: മറ്റുള്ളവരുടെ പ്രോപ്പർട്ടി; * തെക്ക്: സഫിയയുടെ പ്രോപ്പർട്ടി; * കിഴക്ക്: മുംതാസിന്റെയും & മറ്റുള്ളവരുടെയും പ്രോപ്പർട്ടി; * പടിഞ്ഞാറ്: 0.45 മീറ്റർ വീതിയുള്ള വാട്ടർ വേ. |
| 2 | Loan A/c. No(s). : HL05CAL000031530<br>1) നാരായണൻ<br>2) കിഴക്കെ പ്രജീഷ്<br>3) ഗിരിജ എൻ<br>എല്ലാവരും താമസിക്കുന്നത്:- പുതിയോട്ടിൽ താഴെ തിക്കോടി, മാർകി ശ്രീ കൃഷ്ണ ടെംപിൾ, കൊയിലാണ്ടി, കേരള-673 522; മറ്റൊരു വിലാസം: 5/6/ പള്ളിക്കര, പുതിയോട്ടിൽ താഴെ ഹൗസ്, തിക്കോടി, കൊയിലാണ്ടി, കോഴിക്കോട്-673 522, കൊയിലാണ്ടി താലൂക്ക്, മാർകി ശ്രീ കൃഷ്ണ ടെംപിൾ, കൊയിലാണ്ടി-673 522, കേരള. | ₹ 28,75,374/- | 16.12.2022<br>₹ 29,97,616/-<br>(രൂപ ഇരുപത്തൊമ്പതു ലക്ഷത്തി തൊണ്ണൂറ്റേഴായിരത്തി അറുനൂറ്റി പതിനാറു മാത്രം) 15-12-2022ന്. | ഓൾഡ് സർവെ നമ്പർ 5/8, റീ- സർവെ നമ്പർ 5/1 (ടാക്സ് റസീപ്റ്റ് പ്രകാരം 5/6)ൽ 7.88 ആർ അളവു വരുന്ന റസിഡൻഷ്യൽ പ്രോപ്പർട്ടി, ടാക്സ് റസീപ്റ്റ് പ്രകാരം തണ്ടപ്പേർ നമ്പർ 383, തിക്കോടി വില്ലേജ്, കൊയിലാണ്ടി താലൂക്ക്, പയ്യോളി സബ് ജില്ല, കോഴിക്കോട് ജില്ല, കേരള, നമ്പർ 671/2016 സെയിൽ ഡീഡിന്റെ ഷെഡ്യൂളിൽ വിവരിച്ചിരിക്കുന്നു. * സെയിൽ ഡീഡ് പ്രകാരം അതിർത്തികൾ- * വടക്ക്: ഇട വഴി; * തെക്ക്: വഴി; * കിഴക്ക്: ഇട വഴി; * പടിഞ്ഞാറ്: കുഞ്ഞിക്കണ്ണന്റെ പ്രോപ്പർട്ടി. * ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അതിർത്തികൾ- * വടക്ക്: കുഞ്ഞിക്കണ്ണന്റെയും ബഷീറിന്റെയും പ്രോപ്പർട്ടി & ഇട വഴി; * തെക്ക്: ഇട വഴി; * കിഴക്ക്: ഇട വഴി; * പടിഞ്ഞാറ്: ജമീലയുടെയും & ബഷീറിന്റെയും പ്രോപ്പർട്ടി. |
| 3 | Loan A/c. No(s). : HL02NUR000017994<br>1. മരോട്ടിക്കൽ ശ്രീധരൻ രമ്യ<br>2. കക്കോത്ത് രാജേഷ്<br>ഇരുവരുംതാമസിക്കുന്നത്:-<br>മരോട്ടിക്കൽ ഹൗസ്, നെല്ലിക്കുറ്റി, തളിപ്പറമ്പ, കേരള-670 632; മറ്റൊരു വിലാസം:- കുറുമാത്തൂർ, ദേശം തളിപ്പറമ്പ താലൂക്ക് കണിച്ചാൽ തളിപ്പറമ്പ-670 142, കേരള. | ₹ 25,00,000/- | 16.12.2022<br>₹ 25,91,573/-<br>(രൂപ ഇരുപത്തഞ്ചു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിമൂന്നു മാത്രം) 15-12-2022ന്. | സർവെ നമ്പർ 46/2, റീ- സർവെ നമ്പർ 101/124ൽ 3.96 ആർ അളവു വരുന്ന റസിഡൻഷ്യൽ പ്രോപ്പർട്ടി, ഓൾഡ് തണ്ടപ്പേർ നമ്പർ 1925, സ്ഥിതിചെയ്യുന്നത് കുറുമാത്തൂർ വില്ലേജ്, തളിപ്പറമ്പ താലൂക്ക്, തളിപ്പറമ്പ സബ് ജില്ല, കണ്ണൂർ ജില്ല, നമ്പർ 2623/2020 സെയിൽ ഡീഡ് ഷെഡ്യൂളിൽ വിവരിച്ചിരിക്കുന്നു. * സെയിൽ ഡീഡ് പ്രകാരമുള്ള അതിർത്തികൾ: *വടക്ക് : ഹംസയുടെ പ്രോപ്പർട്ടി; * തെക്ക്: അമിനയുടെയും & മറ്റുള്ളവരുടെയും പ്രോപ്പർട്ടി; * കിഴക്ക്: സ്വകാര്യ റോഡ്; * പടിഞ്ഞാറ്: രാഘവൻ നമ്പ്യാരുടെ പ്രോപ്പർട്ടി. |

ഡിമാൻഡ് നോട്ടീസനുസരിച്ച് ഈ പ്രസിദ്ധീകരണ തിയതി മുതൽ 60 ദിവസത്തിനകം ബാധകമായ പലിശ, അധിക പലിശ, ബൗൺസ് ചാർജുകൾ, ചെലവ്, ചെലവുകൾ എന്നിവയ്ക്കൊപ്പം അതിൽ പറഞ്ഞിരിക്കുന്ന ഡിമാൻഡ് തുക അടയ്ക്കാനും കടം വാങ്ങുന്നവരോട് ഇതിനാൽ നിർദ്ദേശിക്കുന്നു. പേയ്മെന്റ് യാഥാർത്ഥ്യമാകുന്ന തീയതി വരെ ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് ഒരു സെക്യൂർഡ് ക്രെഡിറ്റർ ആണെന്നും കടം വാങ്ങുന്നയാൾ (കൾ) നൽകുന്ന ലോൺ സൗകര്യം, സ്ഥാവര സ്വത്തുക്കൾ/വസ്തുക്കൾ പണയം വെച്ചിട്ടുള്ള സുരക്ഷിതമായ സ്വത്തുക്കൾ എന്നിവയ്ക്കെതിരായ സുരക്ഷിതമായ കടമാണെന്നും കടം വായ്പ്പക്കാരെ അറിയിക്കുന്നു. കടം വാങ്ങുന്നയാൾ(കൾ) നിശ്ചിത സമയത്തിനുള്ളിൽ കടം വാങ്ങുന്നയാൾ (കൾ) അവരുടെ ബാധ്യതകൾ പൂർണ്ണമായും അടക്കുന്നതിൽ പരാജയപ്പെട്ടാൽ, സുരക്ഷിതമായ ആസ്തികൾ (കൾ) കൈവശപ്പെടുത്തുന്നതിന് നിയമത്തിലെ സെക്ഷൻ 13(4) പ്രകാരമുള്ള എല്ലാ അവകാശങ്ങളും വിനിയോഗിക്കാൻ സെക്യൂർഡ് ക്രെഡിറ്റർക്ക് അർഹതയുണ്ട്. ആക്റ്റ് പ്രകാരം മേൽപ്പറഞ്ഞ വായ്പക്കാരെ സെക്യൂർഡ് ക്രെഡിറ്ററുടെ മുൻകൂർ രേഖാമൂലം അനുമതി കൂടാതെ മേൽപ്പറഞ്ഞ ആസ്തികൾ വിൽക്കുകയോ പണയപ്പെടുത്തുകയോ മറ്റു വിധത്തിലോ കൈമാറ്റം ചെയ്യുന്നതിൽ നിന്നും വിലക്കുന്നു. വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ ഉള്ള അവകാശം നടപ്പിലാക്കുന്നതിന് മുമ്പ് സുരക്ഷിതമായ ആസ്തികൾ (കൾ) **അറ്റാച്ചുചെയ്യാനും കൂടാതെ / അല്ലെങ്കിൽ സീൽ** ചെയ്യാനും സുരക്ഷിത കടക്കാരന് അധികാരമുണ്ട്. സുരക്ഷിതമായ ആസ്തികളുടെ(കൾ) വിൽപ്പനയ്ക്ക് ശേഷം, സെക്യൂർഡ് ക്രെഡിറ്ററിന് അടയ്ക്കേണ്ട കുടിശ്ശിക നികത്താൻ മോർട്ട്ഗേജ് ചെയ്ത വസ്തുവകകളുടെ മൂല്യം പര്യാപ്തമല്ലെങ്കിൽ, ബാക്കി കുടിശ്ശിക വീണ്ടെടുക്കുന്നതിന് പ്രത്യേക നിയമനടപടികൾ ആരംഭിക്കാനുള്ള അവകാശവും സെക്യൂർഡ് ക്രെഡിറ്റർക്ക് അധികാരം ഉണ്ട്. ഈ പ്രതിവിധി മറ്റേതൊരു നിയമത്തിന് കീഴിലും സുരക്ഷിതമായ ക്രെഡിറ്ററിന് ലഭ്യമായ മറ്റെല്ലാ പരിഹാരങ്ങളിൽ നിന്നും പുറമേയും സ്വതന്ത്രവുമാണ്. സുരക്ഷിതമായ ആസ്തികൾ വീണ്ടെടുക്കുന്നതിന് ലഭ്യമായ സമയവുമായി ബന്ധപ്പെട്ട് നിയമത്തിന്റെ സെക്ഷൻ 13(8) ലേക്ക് സെക്ഷൻ 13 (13) കടം വാങ്ങുന്നയാളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സെക്യൂർഡ് ക്രെഡിറ്ററും മുകളിൽ പറഞ്ഞവ പാലിക്കാത്തതും പ്രസ്തുത നിയമത്തിലെ സെക്ഷൻ 29 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. ഡിമാൻഡ് നോട്ടീസിന്റെ പകർപ്പ് താഴെ ഒപ്പിട്ടവരുടെ പക്കൽ ലഭ്യമാണ്, കടം വാങ്ങുന്നയാൾക്ക്, അവർ ആഗ്രഹിക്കുന്നുവെങ്കിൽ, സാധാരണ ഓഫീസ് സമയങ്ങളിൽ ഏതെങ്കിലും പ്രവൃത്തി ദിവസത്തിൽ താഴെ ഒപ്പിട്ടവരിൽ നിന്ന് അത് ശേഖരിക്കാവുന്നതാണ്.

ഒപ്പ്/- അംഗീകൃത ഓഫീസർ
സ്ഥലം: കോഴിക്കോട്, കണ്ണൂർ , കേരളം
തിയതി: 26.12.2022
ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്